LIBRARY ARCHIVES Kerala Legislative Assembly

അപകടമരണ ധനസഹായം

41(5624) ശ്രീ. എ. കെ. ബാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് നൽകുന്ന ധനസഹായം രണ്ടുലക്ഷം രൂപയായി വർദ്ധിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ടോ : ഉണ്ടെങ്കിൽ ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ;

(ബി) ഏതു ഫണ്ടിൽ നിന്നാണ് പ്രസ്തുത തുക നൽകുന്നത് ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത വർദ്ധനവിന് എന്നുമുതലാണ് പ്രാബല്യമെന്നു വ്യക്തമാക്കാമോ ;

(ഡി) പ്രസ്തുത ധനസഹായം അനുവദിക്കുന്നതിനുള്ള വ്യവസ്ഥകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) അപകടമരണം സംഭവിക്കുന്നവരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും നിലവിൽ നൽകിവരുന്ന ധനസഹായം വർദ്ധിപ്പിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

(ബി&സി) ബാധകമല്ല.

(ഡി) വാർഷിക വരുമാനം 1,00,000 രൂപയിൽ താഴെയുള്ള, അപകടം നടന്ന് ഒരു വർഷത്തിനുള്ളിൽ സമർപ്പിക്കുന്ന അനുബന്ധ രേഖകളോടുകൂടിയ (പോസ്റ്റ്മോർട്ടം റിപ്പോർട്ട്, എഫ്.ഐ.ആർ. മരണസർട്ടിഫിക്കറ്റ്, റേഷൻ കാർഡ് എന്നിവയുടെ പകർപ്പുകൾ, വരുമാന സർട്ടിഫിക്കറ്റ്, വില്ലേജ് ഓഫീസറുടെ സർട്ടിഫിക്കറ്റ് തുടങ്ങിയവ) അപേക്ഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും ധനസഹായം അനുവദിക്കുന്നു.

എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾ

42(T*.5625) ശ്രീ. ഇ. ചന്ദ്രശേഖരൻ :
ശ്രീമതി ഇ. എസ്. ബിജിമോൾ :
ശ്രീ. മുല്ലക്കര രത്നാകരൻ :
ശ്രീ. കെ. അജിത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) എൻഡോസൾഫാൻ ദുരിതബാധിത മേഖലയിൽ പൂർണ്ണമായും, ഭാഗികമായും കിടപ്പിലായ എത്ര പേർ വീതമുണ്ടെന്ന് വ്യക്തമാക്കാമോ ;

---

* T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

(ബി) കിടപ്പിലായവർക്കും ഭാഗികമായി കിടപ്പിലായവർക്കും, മരണമടഞ്ഞവരുടെ ആശ്രിതർക്കും ദേശീയ മനുഷ്യാവകാശ കമ്മീഷൻ പുറപ്പെടുവിച്ച ധനസഹായം എത്ര വീതമാണ് ; ഓരോ വിഭാഗത്തിലും എത്രപേർക്ക് വീതം ധനസഹായം അനുവദിച്ച നൽകി എന്ന് വ്യക്തമാക്കാമോ ;

(സി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിന് മന്ത്രിമാരടങ്ങുന്ന ഒരു കമ്മിറ്റിയെ നിയോഗിച്ചിട്ടുണ്ടോ ; ഈ കമ്മിറ്റി ഇതിനകം എത്ര പ്രാവശ്യം യോഗം ചേർന്നുവെന്ന് വ്യക്തമാക്കാമോ ;

(ഡി) കമ്മിറ്റി തീരുമാന പ്രകാരം നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) എൻഡോസൾഫാൻ ദുരിതബാധിതരുടെ പട്ടികയിൽ 263 പേർ പൂർണ്ണമായും കിടപ്പിലായവരുടെ വിഭാഗത്തിലും 976 പേർ മറ്റ് ശാരീരിക വൈകല്യം ബാധിച്ചവരുടെ വിഭാഗത്തിലും ഉൾപ്പെട്ടിട്ടുണ്ട്.

(ബി) ദേശീയ മനുഷ്യാവകാശ കമ്മിഷൻ ശുപാർശ ചെയ്ത പ്രകാരമുള്ള തുക താഴെ പറയും പ്രകാരമാണ് :

- പൂർണ്ണമായും കിടപ്പിലായവർക്ക് 5 ലക്ഷം രൂപ
- ബുദ്ധിമാന്ദ്യം സംഭവിച്ചവർക്ക് 5 ലക്ഷം രൂപ
- മറ്റ് ശാരീരിക വൈകല്യം ബാധിച്ചവർക്ക് 3 ലക്ഷം രൂപ
- മരണപ്പെട്ടവരുടെ ബന്ധുക്കൾക്ക് 5 ലക്ഷം രൂപ

പൂർണ്ണമായും കിടപ്പിലായ 263 പേർക്ക് 384,50,000 രൂപയും മറ്റ് ശാരീരിക വൈകല്യം ബാധിച്ച 976 പേർക്ക് 9,76,00,000 രൂപയും മരണപ്പെട്ട 669 പേരുടെ ആശ്രിതർക്ക് 9,98,00,000 രൂപയും ധനസഹായം അനുവദിച്ചിട്ടുണ്ട്.

(സി) ജില്ലാതല സെൽ രൂപീകരിച്ചിട്ടുണ്ട്. 21 പ്രാവശ്യം യോഗം ചേർന്നിട്ടുണ്ട്.

(ഡി) എൻഡോസൾഫാൻ ദുരിതബാധിതരുടെ പുനരധിവാസ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനും അവലോകനം ചെയ്യുന്നതിനുമായി ബഹു. കൃഷി വകുപ്പുമന്ത്രി ചെയർമാനും ജില്ലാ കളക്ടർ കൺവീനറും സ്ഥലം എം.പി., എം.എൽ.എ.-മാർ, ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റുമാർ, ദുരിതബാധിത പ്രദേശങ്ങളിലെ പഞ്ചായത്ത് പ്രസിഡന്റുമാർ, സന്നദ്ധ സംഘടനാ പ്രതിനിധികൾ, രാഷ്ട്രീയ പാർട്ടി പ്രതിനിധികൾ, ജില്ലാതല ഉദ്യോഗസ്ഥർ തുടങ്ങിയവർ അംഗങ്ങളുമായുള്ള ഒരു ജില്ലാ തല സെൽ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ജില്ലാതല സെൽ യോഗം ചേർന്ന് പ്രവർത്തന പുരോഗതി വിലയിരുത്തി വരുന്നുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly